ഡിപ്പോകൾക്ക് ആവശ്യാനുസരണം സ്റ്റാമ്പ് നൽകുവാൻ സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയ്ക്ക് കഴിയുകയുള്ളൂ. ഇപ്പോൾ ആവശ്യപ്പെടുന്ന സ്റ്റാമ്പിന്റെ വളരെ ചെറിയ ഒരു ശതമാനം മാത്രമേ ഹൈദരാബാദ് പ്രസ്സിൽ നിന്നും നേരിട്ട് ലഭിക്കുന്നുള്ളൂ. ഇതുകൊണ്ടാണ് സംസ്ഥാനത്ത് ചെറിയ തുകയുടെ സ്റ്റാമ്പിന് ക്ഷാമം അനുഭവപ്പെടുന്നത്.

(ബി) വിശദവിവരങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.*

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

മദ്യവില്പനയിലൂടെ ലഭിച്ച നികുതി വരുമാനം

33 (3242) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ബാറുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) സംസ്ഥാനത്ത് ബിവറേജ് കോർപ്പറേഷന്റേയും കൺസ്യൂമർ ഫെഡറേഷന്റേയും കീഴിൽ എത്ര മദ്യവില്പന ശാലകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) 2001 മുതൽ 2005 വരെ ഓരോ വർഷവും വിറ്റഴിച്ച മദ്യം എത്ര ;

(ഡി) ഏതൊക്കെ കമ്പനികളിൽ നിന്നുള്ള മദ്യമാണ് ബിവറേജസ് കോർപ്പറേഷൻ ഇന്ന് സംസ്ഥാനത്ത് വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) നികുതി ഇനത്തിൽ ഈ വില്പനയിലൂടെ കഴിഞ്ഞ നാല് വർഷം സംസ്ഥാന സർക്കാരിന് ലഭിച്ച വരുമാനം എത്ര ?

ഉത്തരം

(എ) 513 എണ്ണം.

(ബി) ബിവറേജസ് കോർപ്പറേഷന്റെ കീഴിൽ 305-ഉം കൺസ്യൂമർ ഫെഡറേഷന്റെ കീഴിൽ 46-ഉം മദ്യവില്പന ശാലകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) അനുബന്ധം I ആയി കൊടുത്തിട്ടുണ്ട്.*

(ഡി) അനുബന്ധം II ആയി കൊടുത്തിട്ടുണ്ട്.*

(ഇ) അനുബന്ധം III ആയി കൊടുത്തിട്ടുണ്ട്.*

ബിവറേജസ് കോർപ്പറേഷനിൽ താൽക്കാലിക നിയമനങ്ങൾ നടത്തുന്നതിന് മാനദണ്ഡങ്ങൾ

34 (3243) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ബിവറേജസ് കോർപ്പറേഷനിലും സെയിൽസ് ഷോപ്പുകളിലുമായി നിലവിൽ എത്ര പേർ ജോലി ചെയ്തുവരുന്നുണ്ട് :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly